ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവയെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി) പദ്ധതി ആരംഭിച്ച ആദ്യവർഷമായ 1997-98-ൽ മാത്രം വിനിയോഗ കാലാവധി ദീർഘിപ്പിച്ചു. ടി വർഷത്തിൽ പദ്ധതിയുടെ നടത്തിപ്പിനു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുണ്ടായ കാലതാമസം കാരണം വികസന രേഖ യഥാസമയം തയ്യാറാക്കുന്നതിനും ആസൂത്രണസമിതിയുടെ അംഗീകാരം നേടുന്നതിനും കഴിയാതെ വന്നതിൽ നിശ്ചിത സമയപരിധിയ്ക്കു ള്ളിൽ തുക ചെലവഴിക്കാൻ കഴിയാതെ വന്നു കൂടാതെ പ്രസ്തുത കാലയളവിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നതിനാൽ പദ്ധതി നടത്തിപ്പ് കുറച്ചു ദിവസം നിർത്തിവച്ചിരുന്നു.

(സി) 6-8-1997 ലെ സ.ഉ.(പി) 676/97/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി ഓരോ സാമ്പത്തിക വർഷവും നാലു ഗഡുക്കളായാണ് പദ്ധതി തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നത്. വർഷം തിരിച്ച് കണക്കുകൾ ശേഖരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) പാളിച്ചകൾ ഉണ്ടായിട്ടില്ല.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി,എച്ച്&ഐ) വിവരം ശേഖരിച്ചു വരുന്നു.

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി

40 (1329) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണം നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ കണക്ക് ആഡിറ്റ് ചെയ്യുന്നതിന് നിയമാനുസരണമുള്ള കാലാവധി എത്രയാണ് ;

(ബി) ഇത് സംബന്ധിച്ചുള്ള ആഡിറ്റ് റിപ്പോർട്ട് നിയമസഭയിൽ വയ്ക്കണ മെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് നിയമം സർക്കാർ പാലിച്ചിട്ടുണ്ടോ ;

(സി) കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ആഡിറ്റ് സമയ പരിധിയ്ക്ക് മുൻപുതന്നെ പൂർത്തിയാക്കാൻ നടപടിയെടുത്തിട്ടുണ്ടോ ;

(ഡി) അഴിമതിക്കാരായവരെ രക്ഷപ്പെടുത്തുന്നതിന് മന:പൂർവ്വം ആഡിറ്റ് താമസിപ്പിക്കുന്നതായിട്ട് മാധ്യമങ്ങളിൽ വന്നിട്ടുള്ള പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് സെക്ഷൻ 9 (1) പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷവും അവസാനിച്ച്, നാലു മാസങ്ങൾക്കകം ജനകീയാസൂത്രണം ഉൾപ്പെടെയുള്ള വാർഷിക കണക്കുകൾ ആഡിറ്റിംഗിന് ഹാജരാക്കേണ്ടതാണ്.

(ബി) ജനകീയാസൂത്രണം സംബന്ധിച്ചുള്ള ആഡിറ്റ് റിപ്പോർട്ട് നിയമസഭയിൽ വയ്ക്കണമെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് നിയമം അനുശാസിക്കുന്നില്ല. എന്നാൽ ഓരോ വർഷവും, ലോക്കൽ ഫണ്ട് ഡയറക്ടർ, സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സമാഹൃത റിപ്പോർട്ടുകൾ ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകൾ നിയമസഭയിൽ വച്ചിട്ടുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ ലഭിക്കുന്ന മുറയ്ക്ക് സമയ പരിധിക്കുള്ളിൽ തന്നെ ആഡിറ്റ് പൂർത്തിയാക്കാറുണ്ട്.

(ഡി) ഇല്ല.

ചേന്നങ്കര കരവാളം തോടിന്റെ നിർമ്മാണത്തിൽ ഉണ്ടായ ക്രമക്കേടുകൾ

41 (1332) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുമൺ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ചേന്നങ്കര കരവാളം തോടിന്റെ നിർമ്മാണത്തിൽ നടന്ന ക്രമക്കേടിൽ നഷ്ടം തിട്ടപ്പെടുത്തുന്നതിന് അന്വേഷണം നടത്തിയത് എന്നാണ് ; ഇതന്വേഷിച്ച സാങ്കേതിക വിദഗ്ദ്ധർ ആരെല്ലാം ;

(ബി) നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇത്തരത്തിൽ നഷ്ടം ഉണ്ടാക്കിയതിനും, കൃത്യവിലോപം കാണിച്ചതിനും ഉത്തരവാദികൾ ആരെന്ന് വ്യക്തമാക്കുമോ ;

(ഡി) കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) കൊടുമൺ പഞ്ചായത്തിലെ ചേന്നങ്കര-കരവാളം തോടു നിർമ്മാണത്തിൽ അഴിമതി നടത്തിയവർ ആരൊക്കെയാണെന്നും ഇതുമൂലം ഗവണമെന്റിന് എത്രമാത്രം നഷ്ടം ഉണ്ടായി എന്ന് കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ 13-12-2000-ൽ ചീഫ് ടെക്നിക്കൽ എക്സാമിനറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly